**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 706** **30-01-2024 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി നിരക്ക് വർദ്ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര തവണ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്; ഏതൊക്കെ ഇനത്തിലാണ് വൈദ്യുതി നിരക്ക് വർദ്ധനവ് ഉണ്ടായിട്ടുള്ളത്;ഓരോ തവണയും ഉണ്ടായ വർദ്ധനവ് എത്ര രൂപ വീതമാണെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ നാല് തവണ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്. 2017, 2019, 2022, 2023 എന്നീ വർഷങ്ങളിലാണ് താരിഫ് പരിഷ്കരണം നടന്നിട്ടുള്ളത്. 2017-ൽ 4.77%, 2019-ൽ 7.32%, 2022-ൽ 6.59%, 2023-ൽ 3% എന്നിങ്ങനെയായിരുന്നു വർദ്ധനവ്. ഉപഭോക്താക്കളുടെ എനർജി ചാർജ്ജിലും, ഫിക്സഡ് ചാർജിലും, ഓപ്പൺ ആക്സസ് ഉപഭോക്താക്കളുടെ ക്രോസ് സബ്സിഡി സർചാർജ്ജിലും, വീലിങ്ങ് ചാർജിലും 100 kVA-ക്കു മുകളിൽ ഉപഭോഗമുള്ള ലോടെൻഷൻ ഉപഭോക്താക്കളുടെ ലോ വോൾട്ടേജ് സപ്ലൈ സർചാർജ്ജിലും വർദ്ധനവ് വരുത്തിയിട്ടുണ്ട്. 2017-2018-ൽ യൂണിറ്റൊന്നിന് 30 പൈസയുടെയും, 2019-2020-ൽ യൂണിറ്റൊന്നിന് 40 പൈസയുടെയും, 2022-2023-ൽ യൂണിറ്റൊന്നിന് 40.63 പൈസയുടെയും വർദ്ധനവാണ് വരുത്തിയത്. 2023-24 താരിഫ് പരിഷ്കരണത്തിലൂടെ യൂണിറ്റൊന്നിന് 20 പൈസയുടെ വർദ്ധനവാണ് വരുത്തിയത്. |
| (ബി) | വൈദ്യുതി നിരക്ക് വർദ്ധനയുടെ ഭാഗമായി ഈ കാലയളവിൽ എത്ര കോടി രൂപയുടെ അധിക വരുമാനം കെ.എസ്.ഇ.ബി.യ്ക്ക് ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | 2017-2018-ൽ 550 കോടി രൂപയുടെയും, 2019-2020-ൽ 902.90 കോടി രൂപയുടെയും, 2022-2023-ൽ 760 കോടി രൂപയുടെയും അധിക വരുമാനം താരിഫ് പരിഷ്കരണത്തിലൂടെ കെ.എസ്.ഇ.ബി.ലിമിറ്റഡിന് ലഭിച്ചിരുന്നു. 2023-24-ലെ താരിഫ് പരിഷ്കരണം മൂലം 221.15 കോടി രൂപയുടെ അധികവരുമാനം ഈ സാമ്പത്തിക വർഷം ലഭ്യമാകുമെന്ന് കരുതുന്നു.<br><br>2015-16 കാലഘട്ടത്തിൽ വൈദ്യുതി വിൽപ്പനയിലൂടെയുള്ള വരുമാനം 10914.43 കോടി രൂപയായിരുന്നു. 2022-23-ൽ വൈദ്യുതി വിൽപ്പനയിലൂടെ ലഭിച്ച തുക 18453.27 കോടി രൂപയായി വർദ്ധിക്കുകയുണ്ടായി. വൈദ്യുതി താരിഫിലുണ്ടായ വർദ്ധനവും, വിൽക്കുന്ന വൈദ്യുതി |

| | | | |
|---|---|---|---|
| | | | യൂണിറ്റിലുണ്ടായ വർദ്ധനവുമാണ് തുക വർദ്ധിക്കാൻ ഇടയാക്കിയത്. 2015-16-ലെ 19325.07 Mu-ൽ നിന്നും 2022-23-ൽ 26736.62 Mu ആയി വൈദ്യുതി വിൽപ്പന വർദ്ധിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ